# കുടുംബശ്രീ ജില്ലാമിഷൻ

# തിരുവനന്തപുരം

# പഠനസഹായി

# വിദ്യാഭ്യാസവും സഞ്ചാരസ്വാതന്ത്ര്യവും

സ്ത്രീ പദവി സ്വയം പഠനം ഇപ്പോൾ ലക്ഷ്യം വയ്ക്കുന്നത് സഞ്ചാര സ്വാതന്ത്ര ത്തിലാണ്. സഞ്ചാര സ്വാതന്ത്ര്യമെന്നാൽ കേവലം യാത്രമാത്രമല്ല സ്ത്രീയുടെ ചിന്ത, പ്രവർത്തനങ്ങൾ, ഇടപെടലുകൾ, കാഴ്ചപ്പാടുകൾ, ആശയങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും സ്വതന്ത്ര്യമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമാണ്. ഇപ്പറഞ്ഞ കാര്യ ങ്ങളിൽ എല്ലാം തന്നെ നമ്മുടെ ഓരോരുത്തരുടെയും അവസ്ഥ എവിടെ എന്നുള്ളത് നാം ചിന്തിക്കേണ്ട ഒരു വസ്തുതയാണ്. ചലനാത്മകത സ്ത്രീയുടെ എല്ലാ മേഖലകളിലും എന്നത് പോലെ വിദ്യാഭ്യാസത്തിലും വ്യാപിച്ച് കിടക്കുന്നു. വിദ്യാഭ്യാസം എന്നാൽ കേവലം ഒരു കരിക്കുലത്തിൽ ഒതുങ്ങി നിശ്ചിത സമയത്ത് നിശ്ചിത സ്ഥാപനത്തിൽ നിന്ന് സർട്ടിഫിക്കറ്റോടുകൂടിയ പഠനം മാത്രമല്ല അത് നമ്മൾ വളർന്നു വന്ന കുടുംബ ത്തിൽ നിന്നും പരിചയപ്പെട്ട വ്യക്തികളിൽ നിന്നും, സമൂഹത്തിൽ നിന്നും, അനുഭവങ്ങ ളിൽ നിന്നും സ്വയം മനസിലാക്കിയ അറിവുകളും കൂടി ചേർന്നതാണ്. നഴ്സറി വിദ്യാ ഭ്യാസം മുതൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഒക്കെ ഔപചാരിക വിദ്യാഭ്യാസമാ കുമ്പോൾ അമ്മയിൽ നിന്നും പഠിക്കുന്ന പാചകവും കൂട്ടുകാരിൽ നിന്നുമോ, പരിചയമു ള്ള വ്യക്തികളിൽ നിന്നോ സ്വയമോ പഠിക്കുന്ന കൈത്തൊഴിലുകളും ഗൃഹവൃത്തികളും ശുചിത്വ ബോധവുമൊക്കെ അനൗപചാരിക വിദ്യാഭ്യാസമാകുന്നു.

സഞ്ചാരസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് എവിടെയാണ് ചലനാത്മ കത പരിമിതപ്പെടുത്തിയിരിക്കുന്നത് എന്നത് ചുവടെ ചേർത്തിരിക്കുന്ന ഉദാഹരണത്തി ലൂടെ നമുക്ക് സ്വയം വിലയിരുത്താം.

| | |
|---|---|
| ആരാധനാലയങ്ങളിൽ സന്ദർശിക്കുന്നതിനുള്ള സ്വാതന്ത്ര്യം – സ്ത്രീ/പുരുഷൻ | കവലകളിൽ കൂടിയിരിക്കുന്നത് – സ്ത്രീ/പുരുഷൻ |
| ഗൃഹവൃത്തി ചെയ്യുന്നത് – സ്ത്രീ/പുരുഷൻ | പത്രപാരായണവും ടി.വി.കാണുന്നത് – സ്ത്രീ/പുരുഷൻ |
| സീരിയലുകൾ കാണുന്നത് – സ്ത്രീ/പുരുഷൻ | കായിക മത്സരങ്ങൾ കാണുന്നത് – സ്ത്രീ/പുരുഷൻ |
| അയൽ വീട് വരെ മാത്രം സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്രം – സ്ത്രീ/പുരുഷൻ | സോഷ്യൽസൈറ്റുകൾ സന്ദർശിക്കുന്നത് – സ്ത്രീ/പുരുഷൻ |
| | പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നത് – സ്ത്രീ/പുരുഷൻ |

ഇത്തരം പ്രവർത്തനങ്ങളിൽ നമ്മുടെ ഓരോരുത്തരുടെയും ചലനാത്മകത എവിടെയാണ് എന്ന് മനസ്സിലാക്കുക. ചലനാത്മകത ഇല്ലാത്ത മേഖലകളിൽ ഒരു മാറ്റം ആഗ്രഹിച്ചു കൊണ്ട് ചിന്തിക്കുവാൻ നമുക്ക് കഴിയുമൊ? ചിലതിലെങ്കിലും എന്തു കൊണ്ടാണ് സ്ത്രീയുടെ ചലനാത്മകത പരിമിതപ്പെട്ടിരിക്കുന്നത്?. സ്ത്രീയുടെ ഏതു പ്രവർത്തിയും സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതായ സാഹചര്യമാണ്.

സ്ത്രീ പുരുഷ തുല്യത ഇന്നും സമൂഹത്തിൽ നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ സ്ത്രീ സൗഹാർദ്ദപരമായ ഒരന്തരീക്ഷം സൃഷ്ടിക്കുക എന്നത് പ്രധാന്യമർഹിക്കുന്നു. സാമൂഹ്യ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുക എന്നത് തന്നെയാണ് ഇതിന്റെ ആദ്യപടിയായി ഓരോ വ്യക്തിയും ചെയ്യേണ്ടത്. സ്ത്രീ – പുരുഷ സമത്വ പൂർണ്ണമായ ഒരു സമൂഹം നിലവിൽ വന്നാൽ മാത്രമെ സ്ത്രീകൾ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് മുക്തി ലഭിക്കുകയുള്ളൂ. ഇതിന്റെ ആദ്യപടിയായി സ്കൂളുകളിൽ നടപ്പിലാക്കേണ്ട ചില പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- പാഠ്യപദ്ധതിയിലൂടെ ലിംഗപദവി സമത്വം ഉണ്ടാക്കിയെടുക്കൽ
- ചരിത്ര പുരുഷന്മാരുടെ വീരഗാഥകൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പോലെ അറിയപ്പെടാത്ത വീരാംഗനമാരുടെ ജീവിത ചരിത്രം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം
- സാമൂഹ്യ അവബോധം വളർത്തുന്ന രീതിയിൽ ആയിരിക്കണം പാഠ്യപദ്ധതി

സാമൂഹിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനും പ്രതികരിക്കാനും നേടിയെടുക്കുവാനും ശേഷിയുള്ള സ്ത്രീ സമൂഹത്തിന്റെ ഉയർച്ചയിലൂടെ മാത്രമെ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്താനാകൂ. പഠനവും വിശകലനവും സ്ത്രീകളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റണം. സാമൂഹിക ചുറ്റുപാടുകളിൽ നിന്നും, സ്വന്തം അനുഭവങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ ക്രമീകരിക്കുവാനും, ബന്ധിപ്പിക്കുവാനുമുള്ള പ്രാപ്തി നേടിയെടുക്കുന്നതോടെ അറിവിന്റെ ഉൽപാദകരും വിനിമയ ദാതാക്കളുമായി പ്രവർത്തിക്കാൻ സ്ത്രീകൾക്ക് കഴിയും. വിദ്യാഭ്യാസത്തിലൂടെ നിലവിലുള്ള അധികാര ഘടനയേയും അതിലടങ്ങിയിരിക്കുന്ന സ്ത്രീ വിരുദ്ധതയേയും തിരിച്ചറിയാൻ കഴിയും. പഠനത്തിൽ നിന്ന് സ്വയം പഠനത്തിന്റെ തലത്തിലേക്കുയരുമ്പോൾ യാന്ത്രികമായ പ്രക്രിയയിൽ നിന്ന് മാറി വ്യാപകവും ആത്മാർത്ഥവുമായ പ്രവർത്തനത്തിലേക്ക് മാറുകയും ബുദ്ധിപരവും സജീവവുമായ സമൂഹ പുനർ നിർണ്ണയത്തിലിടപെടാനുള്ള ശേഷി ഉയർത്തുവാൻ സഹായിക്കുകയും ചെയ്യും. സ്ത്രീകൾ തങ്ങളുടെ വ്യക്തിപരമായ കഴിവുകളെ വിമർശനാത്മകമായും യുക്തി ബോധത്തോടും കൂടി പരിശോധിക്കുകയും സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ശാക്തീകരണത്തിന് പ്രേരണാ ശക്തിയോടെ പങ്കാളിയാവുകയും ചെയ്യണം.

ലിംഗപദവി വ്യത്യസമില്ലാത്ത പഠന പ്രക്രിയ സമൂഹത്തെ സമത്വത്തിൽ എത്തിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസം നേടിയാലും അതിന് അനുസരിച്ചുള്ള തൊഴിൽ മേഖല തെരഞ്ഞെടുക്കുന്നതിനുള്ള അവസര കുറവ് സ്ത്രീകൾ നേരിടുന്നുണ്ട്. ഇതുപോലെ സ്ത്രീയുടെ വിദ്യാഭ്യാസം ചലനാത്മകതയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്

- ശാരീരിക സുരക്ഷിതത്വം, പെൺകുട്ടി പഠിച്ചാൽ അന്യകുടുംബത്തിനാണ് നേട്ടം എന്ന ചിന്ത
- കായിക ശേഷി ആവശ്യമുള്ള തൊഴിൽ മേഖല തെരഞ്ഞെടുക്കുന്നതിൽ പെൺകുട്ടികൾ പിന്നോക്കം നിൽക്കുന്ന അവസ്ഥ
- ദൂരസ്ഥലങ്ങളിൽ പോയി നിന്ന് പഠിക്കുന്നതിനുള്ള വിമുഖത – കുടുംബത്തിന്റെയും സമൂഹത്തിന്റെയും
- വിദ്യാഭ്യാസ പിൻതുണാസംവിധാനങ്ങളെ കുറിച്ചുള്ള അവബോധ കുറവ്
- മതങ്ങളുടെ സ്വാധീനം – ചില മതങ്ങൾ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ആവശ്യമില്ലെന്നുള്ള ചിന്തയും മന്ത്രപഠനം പോലെയുള്ള വിദ്യാഭ്യാസം പെൺകുട്ടികൾക്ക് വിലക്കുന്ന അവസ്ഥ
- വിവരസാങ്കേതിക വിദ്യയിലുള്ള അറിവിന്റെ പരിമിതികൾ
- ഉയർന്ന വിദ്യാഭ്യാസം നേടിയ സ്ത്രീക്ക് അവരുടെ ജീവിതത്തിൽ ആശയങ്ങളോ അവകാശങ്ങളോ അധികാരങ്ങളോ വിനിയോഗിക്കാൻ സാധിക്കുന്നത്

- ഉയർന്ന വിദ്യാഭ്യാസം നേടുന്നത് വഴി കുടുംബ ചുറ്റുപാടുകളിൽ നിന്നും സമൂഹ ത്തിന്റെ ഉയർന്ന പദവിയിലേക്ക് എത്തിചേരുവാൻ സ്ത്രീകൾക്ക് കഴിയുന്നു.

വിദ്യാസമ്പന്നയായ ഒരു സ്ത്രീ സഞ്ചാര സ്വാതന്ത്ര്യം ഉള്ള ഒരു വ്യക്തിയാണോ? ചുവടെ ചേർത്തിരിക്കുന്ന ആശയുടെ അനുഭവത്തിലൂടെ നമുക്കൊന്ന് സഞ്ചരിക്കാം. ഇത്തരം ഒരുപാട് ആശമാർ നമ്മുടെ സമൂഹത്തിൽ ഇല്ലെ എന്നുള്ളതും നാം പരിശോധി ക്കേണ്ട കാര്യമാണ്.

ഇന്ദിര ചേച്ചിയുടെ മകളുടെ കല്യാണത്തിൽ പങ്കെടുക്കാൻ "പവിത്ര" അയൽക്കൂട്ടത്തിലെ അംഗങ്ങൾ 16 – പേർ ഒരുമിച്ച് പോകുന്നത് ആശ കണ്ടു. കല്യാണം എന്നുള്ളത് ഒരു പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം സന്തോഷകരമാണെന്ന് ആശ തിരിച്ചറിയുന്നുണ്ട്. പക്ഷേ ആ സന്തോഷം തന്റെ ജീവിതത്തിൽ എങ്ങനെ ആയിരുന്നു. ആശ തന്റെ കഴിഞ്ഞ കാലത്തെക്കുറിച്ച് ഓർത്തുപോയി.

തന്റെ കുട്ടിക്കാലം :–

ചേച്ചിയും അനുജനും ആശയും അച്ഛനും അമ്മയും അപ്പൂപ്പനും അമ്മൂമ്മയും അടങ്ങുന്ന കുടുംബം. വിശാലമായ വീട്ട് മുറ്റത്ത് ധാരാളം കുട്ടികൾ കളിക്കാൻ വരാറു ണ്ട്. അവരിലൊരാളായി തന്റെ അനുജനും കൂടാറുണ്ട്. ഞാനും ചേച്ചിയും അതു കണ്ട് കരഞ്ഞതും കളിക്കാൻ കൂടുമ്പോൾ കിട്ടിയ അടിയുടെ വേദനയും അവൾ ഓർത്തു.

സ്കൂളിൽ പോകുമ്പോഴുണ്ടായ സന്തോഷം. പത്താംതരം കഴിഞ്ഞപ്പോൾ തുടർന്ന് പഠിക്കാനായി ചേച്ചി ഒരുപാട് കരഞ്ഞു. അവസാനം ചേച്ചിക്കും എനിക്കും പഠിക്കാൻ അവസരം കിട്ടി. ഞങ്ങൾ രണ്ടുപേരും ബി.എ – യും, ബി.എസിയും കഴി ഞ്ഞു. ഇതിനിടയിൽ ചേച്ചിയുടെ കല്യാണം കഴിഞ്ഞു. പഠനം നിലച്ചു. ഞാൻ എം.എ വരെ പഠിച്ചു. അനുജൻ എഞ്ചിനിയറിംഗിനെത്തി. അച്ഛനും അമ്മയും അപ്പൂപ്പനുമായി സംസാരിക്കുന്നത് കേൾക്കാനിടയായി ആശ പഠിച്ചത് മതി. അർജ്ജുൻ (അനുജൻ) പഠിച്ച് ജോലി സമ്പാദിക്കട്ടെ അതുമതി. ഈ കുടുംബത്തിൽ പെണ്ണ് സമ്പാദിച്ച് കൊണ്ട് വരണ്ട. ആ തീരുമാനം ഉറച്ചതായിരുന്നു.

കുറേ സ്വർണ്ണവും പണവും വസ്തുവും ഒക്കെ തന്നായിരുന്നു കല്യാണം കഴിച്ച് അയച്ചത്. വേണുവേട്ടന്റെ വീട്ടിൽ എത്തുമ്പോൾ താൻ എന്തുമാത്രം സന്തോഷിച്ചു. ഇന്നത്തെ തന്റെ അവസ്ഥ എന്തായി. പത്താംക്ലാസ് വരെ പഠിച്ച ഭർത്താവ് സ്വന്തമായി ഒര് കട നടത്തുന്നു. എം.എ കഴിഞ്ഞ താൻകൂടി പോകാൻ അനുവദിക്കാറില്ല. വീടിനുള ളിൽ ഒതുങ്ങികഴിയണം. സാമ്പത്തിക ബുദ്ധിമുട്ട് വരുമ്പോൾ കല്യാണത്തിന് തനിക്ക് തന്ന സ്വർണ്ണവും പണവും വസ്തുവും ഒക്കെ വിറ്റും പണയം വച്ചും കണ്ടെത്തുന്നു. എന്നോട് ഒരു വാക്ക് പറയുകയോ എന്റെ അഭിപ്രായം ചോദിക്കുകയോ ചെയ്യാറില്ല. വല്ലാത്ത സങ്കടം തോന്നി. പക്ഷേ എനിക്കൊന്നും ചെയ്യാൻ കഴിയില്ലല്ലോ? അതൊക്കെ ഭർത്താവിനും വീട്ടുകാർക്കും എന്നെയും കുട്ടികളേയും സംരക്ഷിക്കാൻ കൊടുത്ത തല്ലേ?

ആശയുടെ ഓർമ്മകളെ തടസ്സപ്പെടുത്തിക്കൊണ്ടാണ് വത്സല ചേച്ചി കടന്ന് വന്നത്. ചേച്ചി സമൂഹത്തിലെ എല്ലാ കാര്യങ്ങളിലും സജീവമായി ഇടപെടുന്ന ഒരു കുടുംബശ്രീ പ്രവർത്തകയാണ്. ചേച്ചിയെ കണ്ടയുടനെ ആശ വാച്ചിലേക്ക് നോക്കി. സമയം രാത്രി 8.20 ആയിരിക്കുന്നു.

ആശ :- ചേച്ചി സമയം ഇത്രയും ആയില്ലേ. ഇന്ദിര ചേച്ചിയുടെ മകൾ മീരയുടെ കല്യാണത്തിന് പോയിട്ടാണോ വരുന്നത്. അതിശയിച്ച് ചോദിച്ചു.

വത്സല :- ഇല്ല മോളേ, കല്യാണത്തിന് ഇനിയേ പോകാൻ കഴിയൂ. അതിന് മുമ്പ് നിന്നെ ഒന്ന് കാണാമെന്ന് കരുതി.

ആശ :- ചേച്ചീ ! രാത്രിയായില്ലേ. തനിച്ചെങ്ങനെ പോകും. ചേട്ടൻ വന്നെങ്കിൽ കൂടെ വിടാമായിരുന്നു. അദ്ദേഹം എത്താൻ 10 മണിയെങ്കിലും കഴിയും.

വത്സല :- സാരമില്ല മോളേ. ഞാൻ പൊക്കോളാം. സമയം സ്ത്രീക്കും പുരുഷനും ഒരു പോലാണ്. പക്ഷേ നമ്മൾ അത് തിരിച്ചറിയാതെ മാറിനിക്കുന്നതു കൊണ്ടാണ് അങ്ങനൊരു രീതിയായി മാറിയതും. സമൂഹം അങ്ങനെ ആയതും. അതിനൊരുമാറ്റം വരണ്ടേ മോളെ.

ആശ :- അതൊന്നും ഇനി സാധിക്കില്ല ചേച്ചി. എനിക്ക് പേടിയാ. പിന്നിവിടെ ആരും അനുവദിക്കയും ഇല്ല. ചേച്ചി എന്നെ കാണാൻ വന്ന കാര്യം പറഞ്ഞില്ലല്ലോ?

വത്സല :- ആശ എം.എ കഴിഞ്ഞ കുട്ടിയല്ലേ. ഒരു ജോലി കണ്ടെത്തണ്ടേ? വീടിനുള്ളിൽ തന്നെ ഇരുന്നാൽ മതിയോ? ഒന്ന് ശ്രമിച്ചുകൂടെ. ഒരവസരം വന്നിട്ടുണ്ട്. കുടുംബശ്രീയിൽ റിസോഴ്സ് പേഴ്സൺമാരെ ആവശ്യമുണ്ട്. പക്ഷേ പഞ്ചായത്തിലും വാർഡുകളിലും പോയി ക്ലാസ്സെടുക്കണം അവർക്ക് അത്യാവശ്യം കാര്യങ്ങൾ പറഞ്ഞ് കൊടുക്കുകയും സഹായിക്കുകയും ചെയ്യണം.

ആശ :- എനിക്കാഗ്രഹം ഉണ്ട് ചേച്ചീ. പക്ഷേ അവിടെയും ഇവിടെയും പോയീന്ന് പറഞ്ഞ് ആളുകൾ വല്ലാത്തൊരു രീതിയിൽ സംസാരിക്കും. അത് ഇവിടെ പ്രശ്നം ആകും.

വത്സല :- എനിക്കതിശയം തോന്നുന്നല്ലോ ആശേ. മോളുടെ അച്ഛനും അമ്മയും തന്ന സ്വർണ്ണവും പണവും എന്തുചെയ്തന്നറിയില്ല. ലോണെടുക്കാൻ വസ്തു ബോണ്ട് വച്ചപ്പോൾ ഒപ്പിട്ട് കൊടുത്തൂന്നല്ലാതെ എന്താവശ്യത്തിനാണ് ലോണെടുത്തതെന്നറിയില്ല. പകലായാലും രാത്രിയായാലും പുറത്തിറങ്ങാൻ ഭയക്കുന്നു. തനിക്കിത്രയും വിദ്യാഭ്യാസമുണ്ടായിട്ട് ഒരു തൊഴിൽ കണ്ടെത്തണമെന്നും വരുമാനം തനിക്കും വേണമെന്നും അറിയില്ല. സമൂഹവുമായി ഒരു ബന്ധവും ഇല്ല. ഒരു കാരണവുമില്ലാതെ വഴക്ക് പറയുമ്പോഴും അടിക്കുമ്പോഴും തന്നെ എന്തിനിങ്ങനെ ചെയ്യുന്നു എന്നു പോലും ചോദിക്കാറില്ല. ഇങ്ങനെ തന്നെ ജീവിതകാലം മുഴുവൻ മുന്നോട്ട് പോകാനാണോ ആശ തീരുമാനിച്ചിരിക്കുന്നത്. ആലോചിച്ച് നോക്കൂ. ഞാൻ കല്യാണ വീട്ടിൽ കയറിയിട്ട് വീട്ടിലേക്ക് പോകുന്നു. ആശയുടെ ചിന്തയിൽ മാറ്റമുണ്ടെങ്കിൽ എന്നെ വിളിക്കണം. എന്ത് സഹായത്തിനും ഞാനുണ്ടാകും.

വത്സല ചേച്ചി പറഞ്ഞ കാര്യങ്ങൾ ആശ ഒന്ന് കൂടി ഓർത്ത് നോക്കി. വത്സല ചേച്ചി PDC വരെ മാത്രമേ പഠിച്ചിട്ടുള്ളൂ എന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. താൻ ഇത്രയൊക്കെ പഠിച്ചിട്ടും ഇങ്ങനെ ആയത് എന്തു കൊണ്ടാണ്. വിദ്യാഭ്യാസം എന്നുള്ളത് പുസ്തകത്തിൽ നിന്ന് മാത്രം കിട്ടുന്ന ഒന്നല്ല. സമൂഹവുമായി ബന്ധപ്പെട്ടുള്ള ഓരോ കാര്യങ്ങളിലും ബന്ധപ്പെട്ടുള്ള ഒന്നാണെന്ന് ആശ തിരിച്ചറിയുന്നു. മനസിലാക്കിയ കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

വിദ്യാഭ്യാസത്തിലും സാക്ഷരതയിലും കേരളത്തിലെ സ്ത്രീകൾ വളരെ മുന്നിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുമ്പോഴും കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ കുറവാണ്. ഉയർന്ന സ്ത്രീ – പുരുഷ അനുപാതമുള്ള കേരളത്തിൽ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്ക് അവരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ വ്യക്തമാക്കുന്നു.

തൊഴിലിൽ ഏർപ്പെടാനോ അഭിപ്രായ സ്വാതന്ത്ര്യമോ ഇല്ലാത്തതാണ് ആശയുടെ പ്രശ്നമെങ്കിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന പെൺകുട്ടികളും നമ്മുടെ സമൂഹത്തിൽ ഇന്ന് അനവധിയാണ്. അത്തരം ഒരു അനുഭവത്തിലേയ്ക്ക് നമുക്ക് കടന്നു ചെല്ലാം.

ആശ യാദൃശ്ചികമായാണ് രാധയെ പരിചയപ്പെട്ടത്. അവളുടെ അവസ്ഥ തിരിച്ചറിഞ്ഞപ്പോൾ അതിയായ സങ്കടം തോന്നി. വളരെ പാവപ്പെട്ട കുടുംബത്തിലെ അംഗമാണ് രാധ. അവർക്ക് രണ്ട് മക്കൾ, മൂത്തത് പെൺകുട്ടി, ഇളയത് ആൺകുട്ടി. പഠിക്കാൻ വളരെ മിടുക്കിയാണ് മകൾ സൗമ്യ. രണ്ട് മക്കളും സർക്കാർ സ്കൂളിലാണ് വിദ്യാഭ്യാസം നടത്തുന്നത്. വിവിധ സംഘടനകളുടെ സഹായത്തോടെ അവരുടെ പഠനം നടന്നു. സൗമ്യ 12–ാം ക്ലാസ് എല്ലാ വിഷയത്തിനും $A^{+}$ മാർക്ക് നേടി വിജയിച്ചു. അവൾക്ക് ഡോക്ടറാകാനാണ് താത്പര്യം. മകൻ സനൽ +1 – ന് എന്നാൽ രക്ഷകർത്താക്കളുടെ മനസിൽ മകളെ ബുദ്ധിമുട്ടി പഠിപ്പിച്ചാൽ തുടർന്നവളുടെ കല്ല്യാണത്തിനും മറ്റുമായി നല്ല തുക ചെലവാകും എന്ന തോന്നലുണ്ടായി. അതിനാൽ അവളെ സൗജന്യ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് അയക്കാൻ തീരുമാനിച്ചു. ബാങ്ക് ലോൺ എടുത്ത് പഠിപ്പിച്ചാലും അവൻ കുടുംബം നോക്കും എന്ന നിഗമനത്തിലാണ് ആ സാധാരണ കുടുംബത്തിലെ രക്ഷിതാക്കൾ. അതിൻപ്രകാരം, സൗമ്യയെ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനും , +2 പാസായ ശേഷം മകനെ വീട് പണയപ്പെടുത്തി MBBS – ന് അയയ്ക്കുകയും ചെയ്തു.

വളരെ ബുദ്ധിമുട്ടി മകനെ പഠിപ്പിച്ചു. സൗമ്യ കമ്പ്യൂട്ടർ പഠനത്തിനോടൊപ്പം വീട്ടിൽ കുട്ടികൾക്ക് ട്യൂഷൻ എടുത്ത് വീട്ട് ചെലവിന് അമ്മയെ സഹായിക്കുകയും ചെയ്തു. എന്നാൽ വീട്ടിലെ ബുദ്ധിമുട്ട് ഒന്നും അറിയാതെ സമൂഹത്തിലെ ഉന്നതരുടെ മക്കളായ കൂട്ടുകാരോടൊപ്പം സനൽ കോളേജ് ജീവിതം ആസ്വദിച്ചു. ഇതിനിടയിൽ കൂടെ പഠിക്കുന്ന ഒരു പെൺകുട്ടിയുമായി സനൽ പ്രണയത്തിലാകുകയും കോഴ്സ് പൂർത്തിയാക്കാതെ വിവാഹിതനാകുകയും ചെയ്തു. വളരെ പ്രതീക്ഷയോടെ വളർത്തിയ മകൻ കൈവിട്ടുപോയ വിഷമത്തിൽ അച്ഛന് നെഞ്ചുവേദനയായി. ആശുപത്രയിൽ ചികിത്സയ്ക്ക് എത്തിയപ്പോഴാണ് ഹാർട്ട് അറ്റാക്ക് എന്നറിഞ്ഞത്. അധികം

വിഷമിപ്പിക്കുന്ന കാര്യങ്ങൾ ഒന്നും അറിയിക്കരുതെന്നും ഇനി ഒരു പ്രാവശ്യം കൂടെ ഇങ്ങനെ വേദന വന്നാൽ ആൾ മരണപ്പെടും എന്ന് ഡോക്ടർ അറിയിച്ചു. ഇത് കേട്ടത് അമ്മ ആകെ തളർന്നു പോയി.

ഈ അവസരത്തിൽ സൗമ്യ അമ്മയെ ആശ്വസിപ്പിച്ചു. അമ്മേ എങ്ങനെയും നമുക്ക് അച്ഛനെ രക്ഷിക്കാം. എനിക്ക് കമ്പ്യൂട്ടർ സെന്ററിലെ സാറിന്റെ പരിചയത്തിൽ ഒരു കമ്പനിയിൽ ഉടൻ ഒരു ജോലി കിട്ടും അതുകൊണ്ട് നമുക്ക് അച്ഛനെ നല്ല രീതിയിൽ ചികിത്സിക്കാം. അമ്മ വളരെയധികം വിഷമിച്ചു. കാരണം +2 നല്ല മാർക്ക് വാങ്ങി പാസ്സായ മകളെ അവളുടെ ആഗ്രഹത്തിന് വിലകല്പ്പിക്കാതെ മറ്റ് ഒരു കുടുംബത്തി ലേക്ക് പോകേണ്ടവളന്ന് കരുതി അവളെ പഠിപ്പിച്ചില്ല. എന്നാൽ അവളെ MBBS – ന് വിട്ടിരുന്നെങ്കിൽ അച്ഛനെ ചികിത്സിക്കാൻ ഇപ്പോൾ ബുദ്ധിമുട്ടുമായിരുന്നില്ല.

സ്ത്രീ വിദ്യാഭ്യാസത്തിന് ധാരാളം പ്രസക്തിയും പ്രധാന്യവുമുണ്ട്. ആൺകുട്ടി കളെയെന്ന പോലെ പെൺകുട്ടിയെയും വിദ്യ അഭ്യസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വിദ്യാഭ്യാസത്തിലൂടെ സ്ത്രീ നേടുന്ന സ്വാതന്ത്രവും സാമ്പത്തിക ഭദ്രതയും അവളെ സമൂഹ ഉന്നതിയിലെത്തിക്കും. നേടുന്ന അറിവും അതിലൂടെ ആർജിക്കുന്ന ശക്തിയും ജീവിത വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിടാനും സ്വന്തം ഭാവി രൂപപ്പെടുത്താനും സഹായകമാകുന്നു. കൂട്ടായ പ്രവർത്തനത്തിലൂടെ മാറ്റം സാധ്യമാകും എന്ന ആത്മ വിശ്വാസം സ്ത്രീകളിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇന്ന് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ സ്കൂളുകളിൽ നില നിൽക്കുന്നു. പെൺകുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം, യൂണിഫോം, സ്കോളർഷിപ്പ്, ഫീസ് ഇളവുകൾ, ഗേൾസ് ഫ്രെണ്ടിലി ടോയിലറ്റുകൾ എന്നിവ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങളാണ്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അനുയോജ്യമായ വിദ്യാഭ്യാസ മേഖല തെരഞ്ഞെടുക്കുന്നതിനുള്ള സാഹചര്യം സാമൂഹിക വ്യവസ്ഥിതിയുടെ അടിസ്ഥാന ത്തിൽ രക്ഷിതാക്കളാണ്. വിദ്യാഭ്യാസ മേഖല തെരഞ്ഞെടുക്കുമ്പോൾ ആൺകുട്ടിക ളോട് അഭിപ്രായം ചോദിക്കാറുണ്ട്. എന്നാൽ പെൺകുട്ടികളുടെ അഭിപ്രായം തീരുമാനം ആകാറില്ല. സാമ്പത്തിക സ്ഥിതി പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖല തെരഞ്ഞെടു ക്കുന്നതിൽ തടസം നിൽക്കാറുണ്ട്. വിദ്യാഭ്യാസ പിന്തുണാ സംവിധാനങ്ങളെക്കുറിച്ച് അവബോധം ഇല്ലായ്മയും തൊഴിൽ മേഖലയിലെ ലിംഗവ്യത്യാസവും വിദ്യാഭ്യാസ മേഖല തെരഞ്ഞെടുക്കുന്നതിൽ സ്ത്രീകൾക്ക് തടസം നിൽക്കുന്നു. തൊഴിൽ മേഖല യിലെ സുരക്ഷിതത്വം ഇല്ലായ്മ വിദ്യാഭ്യാസ മേഖല തെരഞ്ഞെടുക്കുന്നതിൽ തടസം നിൽക്കുന്നു. ആൺകുട്ടികൾക്ക് പൊതു ഇടപെടലുകൾക്കുള്ള അവസരം സമൂഹ ത്തിൽ കൂടുതലാണ്. എന്നാൽ ഈ അവസരം പെൺകുട്ടികൾക്ക് അനുവദിക്കുന്നില്ല. ആൺകുട്ടികളുടെ ഇത്തരം സാമൂഹ്യ ഇടപെടലിലൂടെ കൂടുതൽ അറിവ് ലഭിക്കുന്നു. അതിനാൽ എൻജിനിയറിങ്ങ് പോലുള്ള പരീക്ഷകളിൽ ആൺകുട്ടികൾ പെൺകുട്ടികളെ ക്കാൾ മുന്നിൽ നിൽക്കുന്നു.

ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും സമൂഹത്തെയാണ് സ്ത്രീ ഭയക്കുന്നത്. എന്നാൽ നാം ഒരു കാര്യം ചിന്തിക്കാതെ പോകുന്നു, സമൂഹം എന്ന് പറയുന്നത് നാം

ഉൾപ്പെടുന്ന സമൂഹത്തിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ട് തന്നെ ആദ്യം മാറ്റേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കാഴ്ചപ്പാടുകളെയാണ്. സ്ത്രീക്ക് പല മേഖലകളിലും അവകാശം നിഷേധിക്കപ്പെടുന്ന കാഴ്ച ഇന്ന് ധാരാളമായി കാണപ്പെടുന്നു. സ്ത്രീക്ക് സ്വതന്ത്ര്യം നൽകേണ്ടത് പുരുഷനാണെന്ന ചിന്താധാരയാണ് മാറ്റിയെടുക്കേണ്ടത്.

സമൂഹത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉയർന്നിട്ടുണ്ടെങ്കിലും പൊതുവെ സ്ത്രീകളിൽ സാമൂഹിക പ്രതിബദ്ധത, സാമൂഹ്യബോധം, ചിന്താശേഷി എന്നിവയുടെ കാര്യത്തിൽ പിന്നോക്കാവസ്ഥയാണ്. പൊതു രംഗത്തേയ്ക്കുള്ള സ്ത്രീകളുടെ കടന്നു വരവ് കുറവായതു കൊണ്ട് തന്നെ സ്ത്രീകൾക്കുണ്ടാകുന്ന അവകാശ ലംഘനങ്ങൾക്കും നീതി നിഷേധങ്ങൾക്കും എതിരെ ശബ്ദമുയർത്താനും പ്രതികരിക്കാനും കഴിയാതെ വരുന്നു. ഇവ കൂടാതെ

വിദ്യാഭ്യാസത്തിലൂടെ നേടുന്ന കഴിവ് കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള സാമർത്ഥ്യം മാത്രമല്ല പുതിയ നൈപുണികൾ പഠിക്കാനും സൂക്ഷമ ബുദ്ധിയും, വിചാര ശീലവും കൈവരുന്നതിനും സഹായകമാകുന്നു. കുടുംബത്തിലെ തീരുമാനങ്ങളിൽ പങ്കാളിയാവുകയും അത് നടപ്പിലാക്കുകയും ചെയ്യുമ്പോൾ ആത്മ വിശ്വാസം വർദ്ധിക്കുകയും തന്റെ അഭിപ്രായങ്ങൾ കുടുംബത്തിലും പുറത്തും തുറന്നു പറയാനുമുള്ള ശക്തിയും സ്ത്രീക്ക് ലഭിക്കുന്നു.

എന്നിട്ടും എന്തിനു നാം മടിക്കുന്നു......

## അനുബന്ധപ്രവർത്തനങ്ങൾ

- ലൈംഗിക വിദ്യാഭ്യാസം സ്കൂൾതലം മുതൽ
- ലിംഗ വ്യത്യാസമില്ലാത്ത പാഠ്യപദ്ധതി.
- പാഠ്യോപകരണങ്ങളിൽ വേർതിരിവ് ഇല്ലാതാക്കൽ.
- കൗൺസിലിംഗ് ഏർപ്പെടുത്തൽ.
- ആശയവിനിമയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ.
- ശുചീകരണവുമായി ബന്ധപ്പെട്ട സ്ത്രീ സൗകൃത ടോയിലറ്റ് സംവിധാനങ്ങൾ വ്യാപിപ്പിക്കൽ.
- അഭിപ്രായങ്ങൾ തുറന്ന് പറയുന്നതിനുള്ള വേദി, അംഗീകരിക്കൽ.
- നേതൃത്വ ശേഷി വികസിപ്പിക്കൽ.
- മോട്ടിവേഷൻ ട്രെയിനിംഗ്.
- സ്ട്രസ്സ് മാനേജ്മെന്റ്